വെങ്കിലും പിന്നീട് അത് തുടർന്നുകൊണ്ടുപോകാൻ മാറിമാറി വന്ന ഗവൺമെന്റുകൾക്ക് സാധിച്ചില്ല. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-നും സാമ്പത്തികമായ വലിയ പ്രതിസന്ധിയായിരുന്നു. 10 വർഷം മുൻപ് അത് പാതിവഴിക്കാണ് ഉപേക്ഷിച്ചത്. എന്നാൽ ഈ ഗവൺമെന്റ് വന്നശേഷം ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ഇടപെടലിനെത്തുടർന്ന് മന്ത്രിയെന്ന നിലയിൽ ഞാനും ആരോഗ്യ വകുപ്പ് സെക്രട്ടറിയുമെല്ലാം ആ സ്ഥലം പോയി പരിശോധിച്ചപ്പോൾ അതിന്റെ വാതിലും വിലപിടിച്ച മറ്റെല്ലാ സാധനങ്ങളും മോഷ്ടാക്കൾ കൊണ്ടു പോയിട്ടുണ്ട്. എങ്കിലും ഈ സ്ഥലവും പ്രകൃതി മനോഹരമായ ഒരു സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഭാഗീകമായി പൂർത്തിയാക്കിയ കെട്ടിടവും അത് ജനങ്ങൾക്ക് ഉപയോഗപ്പെടത്തക്ക വിധത്തിൽ ആയുർവ്വേദിക് ആശുപത്രിയായി മാറ്റാൻ പറ്റുമോ എന്നാണ് ഞങ്ങൾ ആലോചിച്ചത്. ഈ കഴിഞ്ഞ ദിവസവും എം.എൽ.എ.യു-മായും ഈ രംഗത്തെ പ്രഗത്ഭരായ പ്രൈവറ്റ് മേഖലയിലുള്ള ആളുകളുമായും, കെ.എച്ച്.ആർ.ഡബ്ല്യു.എസും പ്രൈവറ്റ് മേഖലയിലുള്ള ആളുകളും കൂടി ആലോചിച്ച് ഒരു സംവിധാനമുണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാൻ ഡിസ്ട്രിക്റ്റ് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു സൊസൈറ്റി എന്നുള്ള നിലയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-നും അത് സാധിക്കും. പക്ഷെ, സ്വന്തമായി സാമ്പത്തിക ഭദ്രതയില്ലാത്ത ഒരു സംവിധാനമാണ് കെ.എച്ച്. ആർ.ഡബ്ല്യു.എസ്. എന്നുള്ളതുകൊണ്ടാണ് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് കോടികൾ മുടക്കി അത് തുടങ്ങാൻ സാധിക്കാത്തത്. ഒരുവട്ടം കൂടി അതിനുവേണ്ടിയുള്ള പരിശ്രമം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യും കളക്ടറും കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ മാനേജിംഗ് ഡയറക്ടറുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യം അവിടെവച്ച് പരിശോധിച്ചാൽ നന്നായിരിക്കും എന്ന അഭിപ്രായമെനിക്കുണ്ട്. എന്റെ ഭാഗത്തുനിന്നുള്ള എല്ലാ ഇൻഷ്യേറ്റീവും ഉണ്ടാകുമെന്ന് ഉറപ്പു നൽകുകയാണ്.

**(2) എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മെഡിക്കൽ പി.ജി.സീറ്റുകൾ**

ശ്രീ. എ. പി. അനിൽ കുമാർ : സർ, മെഡിക്കൽ പി.ജി. സംവരണ സീറ്റുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഒരു വീഴ്ച ആരോഗ്യവകുപ്പിന്റേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏതാണ്ട് 300 പി.ജി. സീറ്റുകളാണ് കേരളത്തിലുള്ളത്. ആ 300 പി.ജി. സീറ്റുകളിൽ 10 ശതമാനം സംവരണ വിഭാഗങ്ങൾക്ക്, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നൽകേണ്ടതാണ്. പക്ഷേ, ഗവണ്മെന്റ് ആദ്യം അനുവദിച്ചത് 18 സീറ്റുകളാണ്. പിന്നീട് ഈ വിഭാഗത്തിൽപ്പെട്ട ഡോക്ടർമാർ ഹൈക്കോടതിയിൽ പോയതിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം സീറ്റ് നിർബന്ധമായും കൊടുക്കണമെന്ന് ഹൈക്കോടതി പറയുകയും അതിന്റെ അടിസ്ഥാനത്തിൽ 30 സീറ്റുകൾ നൽകുകയും ചെയ്തു. സീറ്റുകൾ കൊടുത്ത കാര്യത്തിൽ പോലും കൊടുക്കുക എന്ന് പറയുകയും കൊടുക്കാതിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയുമാണ് ചെയ്തത്. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഗവൺമെന്റ് സീറ്റുകൾ നൽകിക്കഴിഞ്ഞപ്പോൾ വളരെ അപ്രധാനമായ എം.എസ്. അനാട്ടമി, എം.ഡി ബയോകെമിസ്ട്രി പോലെയുള്ള സീറ്റുകളിലാണ് നിയമനം കൊടുത്തത്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം ഒരു വീഴ്ച ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുക എന്നുള്ളത് വളരെ ഗുരുതരമായ കാര്യമാണ്. ഇതിൽ പ്രസിദ്ധവും അപ്രസിദ്ധവുമായ ഒട്ടനവധി വിഭാഗങ്ങളുണ്ട്. ഈ കാര്യത്തിൽ ഈ വർഷത്തിലുണ്ടായ വീഴ്ച പരിഹരിച്ചുകൊണ്ട് അടുത്ത വർഷം ആ വിഭാഗങ്ങളിലൊക്കെ ഇത്തരം കുട്ടികൾക്ക് ആനുപാതികമായി സീറ്റുകൾ നൽകുവാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ബഹുമാനപ്പെട്ട പട്ടികജാതി ക്ഷേമ വകുപ്പു മന്ത്രികൂടി ഈ കാര്യത്തിൽ താൽപര്യമെടുക്കണമെന്നാണ് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, മെഡിക്കൽ വിദ്യാഭ്യാസ രംഗത്തേക്ക് വരേണ്ടുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ കാര്യത്തിൽ ഗവൺമെന്റ് അവർക്ക് കൂടുതൽ പ്രോത്സാഹനവും കൂടുതൽ സീറ്റും നൽകുന്നതിനുള്ള നടപടിയേ എടുത്തിട്ടുള്ളൂ. പി.ജി. സീറ്റിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട അനിൽ കുമാർ ഇവിടെ പറഞ്ഞത് പ്രാധാന്യം കുറഞ്ഞ സീറ്റുകൾ ഉണ്ടെന്നുള്ളതാണ്. പി.ജി. കോഴ്സുകൾക്കെല്ലാം തുല്യ പ്രാധാന്യമാണെന്നാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. അത് ക്ലിനിക്കലായാലും നോൺ ക്ലിനിക്കലായാലും, ക്ലിനിക്കൽ സൈഡ് വർക്ക് ചെയ്യണമെങ്കിൽ നോൺ ക്ലിനിക്കൽ വിഭാഗം അവിടെ ഉണ്ടായേ പറ്റൂ. മെഡിക്കൽ വിദ്യാഭ്യാസത്തിനും രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും വിവിധ വിഷയങ്ങളിൽ വൈദഗ്ധ്യം നേടിയവരുടെ സേവനം വളരെ അത്യന്താപേക്ഷിതമാണെന്ന് അങ്ങേയ്ക്കു മറിയാം. ഏത് പി. ജി. കോഴ്സ് പാസ്സായാലും തൊഴിൽ മേഖലയിൽ വിദ്യാഭ്യാസവകുപ്പ്, ആരോഗ്യവകുപ്പ്, ഇ.എസ്.ഐ. തുടങ്ങിയവയിലെല്ലാം ഒരേ രീതിയിലുള്ള സേവന വേതന വ്യവസ്ഥയാണ് നിലനിൽക്കുന്നത്. പ്രൊമോഷൻ രംഗത്തും യാതൊരു തരത്തിലുമുള്ള വിവേചനവുമില്ല. തുല്യ പരിഗണനയാണ്. ഇപ്പോൾ മെഡിക്കൽ കോളേജിലെ നോൺ പ്രാക്ടീസ് അലവൻസ് എല്ലാവർക്കും ഒരുപോലെയാണ്. പേഷ്യന്റ് കെയർ അലവൻസ് നോൺ ക്ലിനിക്കൽ വിഭാഗത്തിനും കൊടുത്തിട്ടുണ്ട്. മെഡിക്കൽ പി.ജി. കോഴ്സുകളുടെ അവസാനഘട്ട അലോട്ട്മെന്റ് നടത്തുന്നതിന് നിശ്ചയിച്ച തീയതിക്ക് തൊട്ടുമുമ്പാണ് പട്ടിക വിഭാഗം സംവരണ ക്വാട്ട സംബന്ധിച്ച പെറ്റീഷനുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് വന്നത്. 2010-ലെ പ്രോസ്പെക്ടസ് പ്രകാരം സ്റ്റേറ്റ് ക്വാട്ടയിലുള്ള ആകെ മെഡിക്കൽ പി.ജി. സീറ്റുകളിൽ 2008-ൽ നമ്മൾ ഇവിടെ പാസ്സാക്കിയ കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അഡ്മിഷൻ ടു പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ് അണ്ടർ സർവ്വീസ് ക്വാട്ട പ്രകാരം നീക്കിവയ്ക്കപ്പെട്ട 40 ശതമാനം സർവ്വീസ് ക്വാട്ട സീറ്റുകളും 3 ശതമാനം വികലാംഗ സംവരണ സീറ്റുകളുംകഴിച്ച് ബാക്കിയുള്ള സീറ്റുകളാണ് പൊതു വിഭാഗത്തിനും സംവരണ വിഭാഗത്തിനും അലോട്ട് ചെയ്യേണ്ടത്. എം.ബി.ബി.എസ്, എൻജിനീയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ള പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും ഇതേ മാനദണ്ഡമാണ് വർഷങ്ങളായി സ്വീകരിച്ചുവരുന്നത്. പക്ഷേ, കഴിഞ്ഞ വർഷം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെറിയ ഒരു പിശക് വന്നത് ആകെ സീറ്റിന്റെ 10 ശതമാനം എസ്.സി./എസ്.ടി. വിഭാഗത്തിന് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തി. ശരിക്കും പറഞ്ഞാൽ നമ്മൾ പാസ്സാക്കിയ നിയമം ആകെ സീറ്റിന്റെ 40 ശതമാനം സർവ്വീസ് ക്വാട്ടയിലുള്ളവർക്ക് കൊടുക്കാനും ആകെ സീറ്റിന്റെ 3 ശതമാനം വികലാംഗർക്ക് കൊടുക്കാനും അതിനുശേഷം വരുന്ന സീറ്റുകളുടെ 10 ശതമാനം എസ്.സി./എസ്.ടി. വിഭാഗത്തിനുമാണ് നിശ്ചയിക്കേണ്ടത്. എം.ബി.ബി.എസ്.-ന്റെ കാര്യത്തിൽ അങ്ങനെയാണ്. 100 സീറ്റുണ്ടെങ്കിൽ 15 ശതമാനം ആൾ ഇന്ത്യ എൻട്രൻസിലേക്ക് മാറ്റി വച്ച് ബാക്കിയുള്ള 85 ശതമാനത്തിന്റെ 10 ശതമാനമാണ് കേരളത്തിലെ എസ്.സി./എസ്.ടി. വിഭാഗത്തിനുവേണ്ടി മാറ്റി വയ്ക്കുന്നത്. പക്ഷേ, കഴിഞ്ഞ വർഷം നമ്മൾ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയത് ആകെ സീറ്റിന്റെ 10 ശതമാനമായിരുന്നു. പക്ഷേ, ഇപ്പോൾ ഇതുസംബന്ധിച്ച് പരിശോധിച്ചപ്പോൾ ആൾ ഇന്ത്യാ തലത്തിലും എൻജിനീയറിംഗിന്റെ മേഖലയിലുമെല്ലാം നമ്മൾ അംഗീകരിച്ച നിയമം, അതിൽ എസ്.സി./എസ്.ടി. വിഭാഗമുണ്ട്, സർവ്വീസ് ക്വാട്ടയിൽ എസ്.സി./എസ്.ടി. വിഭാഗത്തിനും കിട്ടിയിട്ടുണ്ട്. ആ നിയമമനുസരിച്ച് 40 ശതമാനം അങ്ങോട്ട് മാറ്റിവയ്ക്കണം. അത് നിയമമാണ്, നമ്മൾ പാസ്സാക്കിയ നിയമം. അതനുസരിച്ച് വരുമ്പോൾ എം.ഡി.ക്ക് 219 സീറ്റുകളുണ്ട്. ഈ 219 സീറ്റുകളിൽ 40 ശതമാനം മാറ്റി വച്ചതിനുശേഷം ബാക്കിയുള്ളതിന്റെ 10 ശതമാനമാണ് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് യഥാർത്ഥത്തിൽ കൊടുക്കേണ്ടത്. പക്ഷേ, കഴിഞ്ഞ വർഷം ചെയ്തത് നേരെ മറിച്ചാണ്. ഇപ്രാവശ്യത്തെ പ്രോസ്പെക്ടസിൽ അത് മാറ്റി. നമ്മൾ 40 ശതമാനവും 3 ശതമാനവും മാറ്റിയിട്ടാണ് കൊടുത്തിട്ടുള്ളത്. അതാണ് വന്നിട്ടുള്ള ഒരു ചെറിയ മാറ്റം. ഇതിനെ സംബന്ധിച്ച് ചോദ്യം ചെയ്ത് നമ്മുടെ കുട്ടികൾ ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി പറഞ്ഞു, കഴിഞ്ഞ വർഷത്തെപ്പോലെതന്നെ ഇപ്രാവശ്യവും ആകെയുള്ളതിന്റെ 10 ശതമാനം എണ്ണം കണക്കാക്കി കൊടുക്കണം. അങ്ങനെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണ ക്വാട്ട പുനർ നിശ്ചയിച്ച് അലോട്ട്മെന്റ് നടത്തണമെന്ന് ഹൈക്കോടതി ഉത്തരവിട്ടപ്പോൾ ആ അന്തിമ വിധി 29-6-2010-ലാണ് പുറപ്പെടുവിച്ചത്. സുപ്രീം കോടതി നിർദ്ദേശിച്ച ടൈം ഷെഡ്യൂളനുസരിച്ച് അലോട്ട്മെന്റ് പൂർത്തിയാക്കുന്നതിന് നിശ്ചയിച്ച തീയതി 30-6-2010 ആയിരുന്നു. ഇത് പൂർത്തിയാക്കുന്നതിന് ഒരു ദിവസം മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. കൗൺസിലിംഗ് ദിവസം ഒഴിവുണ്ടായിരുന്ന പി.ജി. സീറ്റുകൾ ക്രമീകരിച്ച് പട്ടികവിഭാഗങ്ങൾക്കുള്ള 10 ശതമാനം ക്വാട്ട സീറ്റുകൾ ഹൈക്കോടതി നിർദ്ദേശപ്രകാരം കണക്കാക്കി അലോട്ട്മെന്റ് നടത്തണമെന്ന് സർക്കാരിന് നിർദ്ദേശം നൽകി. അതിൽ ഹൈക്കോടതി, ഇന്ന സീറ്റ് കൊടുക്കണമെന്നല്ല, എം.ഡി സീറ്റ് ഇത്ര ശതമാനം കൊടുക്കണമെന്നുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഇതനുസരിച്ച് 30-6-2010-ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റീ-കൗൺസിലിംഗ് നടത്തി. ആകെ സീറ്റിന്റെ 10

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം കണക്കാക്കി എസ്.സി./എസ്.ടി. വിഭാഗത്തിനായി 37 സീറ്റുകൾ, 25 ഡിഗ്രിയും 12 ഡിപ്ലോമയും മാറ്റി വച്ചിരുന്നു. എന്നാൽ ഇതിൽ 22 സീറ്റുകൾ, ആ വിഭാഗത്തിൽപ്പെട്ട ആരും ഓപ്ഷൻ നൽകാത്തതിനാൽ കൊടുക്കാൻ സാധിച്ചില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യം നിഷേധിക്കുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഹൈക്കോടതി പറഞ്ഞിട്ടുള്ള പ്രകാരം ആകെ സീറ്റിന്റെ 10 ശതമാനം തന്നെ കാട്ടയായിവച്ചു എങ്കിലും അവരവർക്ക് ഇഷ്ടപ്പെട്ട സീറ്റ് കിട്ടാത്തതുകൊണ്ട് അവർ ഓപ്ഷൻ നൽകാതെ വന്നിട്ടുണ്ട്. അതിനുപുറമേ സർവ്വീസ് കാട്ടയിൽ പ്രവേശനം ലഭിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 40 ശതമാനം സീറ്റുകളുടെ കണക്ക് നോക്കിയപ്പോൾ അതിൽ വിദ്യാഭ്യാസ വകുപ്പിലെ 20 പേരും ആരോഗ്യ വകുപ്പിലെ 7 പേരും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരാണ്. 40 ശതമാനം സർവ്വീസ് കാട്ടയിൽ 27 പേർക്ക് കിട്ടിയിട്ടുണ്ട്. വർഷങ്ങളായി പി.ജി. പ്രവേശനത്തിന് സാധ്യത നിഷേധിക്കപ്പെട്ടിരുന്ന ഇവർക്ക് പി.ജി. പ്രവേശനം ലഭിക്കാൻ അവസരമുണ്ടായതും നമ്മൾ പാസ്സാക്കിയ നിയമം മൂലമാണ്. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ ആകെ എണ്ണം കണക്കാക്കുമ്പോൾ സർവ്വീസ് കാട്ടയിൽ പ്രവേശനം ലഭിച്ചവരെക്കൂടി ഉൾപ്പെടുത്താവുന്നതാണ്. പക്ഷേ, അങ്ങ് പറഞ്ഞതുപോലെ നോൺ ക്ലിനിക്കൽ വിഭാഗത്തിലുള്ള ബയോകെമിസ്ട്രി, മൈക്രോബയോളജി എന്നിങ്ങനെയുള്ള സീറ്റുകൾ കിട്ടിയില്ല എന്നുള്ളതാണ്. പക്ഷേ, ഞാൻ ഇവിടെ ഒരു കണക്ക് പറയാം. നമ്മുടെ എസ്.സി./ എസ്.ടി. വിഭാഗത്തിന് സർജറി, പീഡിയാട്രിക് സർജറി, ഗൈനക്കോളജി ഇവയ്ക്കെല്ലാംകൂടി 13 സീറ്റ് എം.ഡി.-ക്ക് കിട്ടിയിട്ടുണ്ട്. ബാക്കിയുള്ളത് മാത്രമേ നോൺ ക്ലിനിക്കൽ വിഭാഗത്തിലായിട്ടുള്ളൂ. പ്രധാനപ്പെട്ട ഇത്തരത്തിലുള്ള സീറ്റുകൾ അവർക്ക് കിട്ടിയിട്ടുണ്ടെങ്കിലും നോൺ ക്ലിനിക്കലിൽ അവർക്ക് താൽപര്യമില്ല. ചിലർക്ക് പീഡിയാട്രിക് തന്നെ വേണം. അവർക്ക് മൈക്രോബയോളജിയാണ് കിട്ടിയിട്ടുള്ളതെങ്കിൽ അവർ എടുത്തിട്ടില്ല, അവർ അതിന് ഓപ്ഷൻ നൽകിയിട്ടില്ല. ആ ഒരു പ്രശ്നം, ഒരു കാലതാമസം കൂടി ഇതിൽ ഉണ്ടായിട്ടുണ്ട്. ഹൈക്കോടതി വിധി വന്ന് ഒരു ദിവസം മാത്രമേ ഉള്ളൂ എന്നുകൂടി കണ്ടുകൊണ്ടാണ്. അല്ലാതെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരെ ഒരിക്കലും ഈ ഗവൺമെന്റ് അവഗണിക്കില്ല എന്നുമാത്രമല്ല സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജിൽ പോലും എസ്.സി./എസ്.ടി. സംവരണം ഏർപ്പെടുത്തിയതും എല്ലാ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും പി.ജി.ക്ക് സംവരണം ഏർപ്പെടുത്തിയതും ഈ വർഷം മുതലാണ്. നമ്മുടെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട മിനിസ്റ്റർ പണവും കൊടുക്കുന്നുണ്ട്. അങ്ങനെ ഒരു അവഗണനയുടെ പ്രശ്നമേയില്ല.